## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20** **01.12..2014-ൽ മറുപടിക്ക്**

## മാവോയിസ്റ്റ് പ്രവർത്തനം

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി.ബി. അബ്ദുൾ റസാക്ക്
ശ്രീ. പി.കെ. ബഷീർ
ശ്രീ. സി. മോയിൻ കുട്ടി

**മറുപടി**

ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) മാവോവാദികൾ സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും സ്വാധീനമുണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എ) സംസ്ഥാനത്തിന്റെ വടക്കൻ വനമേഖലയിൽ ആദിവാസിവിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും മാവോയിസ്റ്റുകൾ സ്വാധീനം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനാവുമെന്നു സംബന്ധിച്ച് വിശദപരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ആദിവാസി പിന്നോക്ക മേഖലയിൽ മാവോയിസ്റ്റുകൾ സ്വാധീനമുറപ്പിക്കുന്നത് തടയുന്നതിനായി പ്രസ്തുത മേഖലയിൽ വിവിധ ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. മാവോവാദികളുടെ പ്രവർത്തനം അമർച്ചചെയ്യാൻ പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിലുള്ള നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവിതലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിലുണ്ട്.

(സി) സർക്കാർ പ്രഖ്യാപിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഫലം ഇവിടങ്ങളിൽ എത്തിച്ചേരാത്തതും സിവിൽ ഭരണ സംവിധാനത്തിൽ ഉണ്ടാകുന്ന വീഴ്ചകളും മാവോവാദികൾ മുതലെടുക്കുമെന്നതിനാൽ അവ പരിഹരിക്കുന്ന കാര്യത്തിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകുമോ?

(സി) സർക്കാർ പ്രഖ്യാപിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ആദിവാസി പിന്നോക്ക മേഖലയിൽ ശരിയാംവണ്ണം എത്തിച്ചേരാത്തത് മാവോവാദികൾ മുതലെടുക്കാൻ സാദ്ധ്യതയുള്ളതിനാൽ ആയത് ചെറുക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ശരിയാംവണ്ണം ആദിവാസി വിഭാഗങ്ങൾക്കിടയിൽ എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട 14 ആദിവാസി മേഖലകളിൽ

യുവാക്കളും കാര്യപ്രാപ്തിയുള്ളവരുമായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സ്പെഷ്യൽ/ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വനഗോത്രവർഗ്ഗ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഡോ. ബി. സന്ധ്യ ഐ.പി.എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ